## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4523 13-11-2019-ലെ മറുപടി

**വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ അവലോകനം ചെയ്യുന്നതിന് പ്രത്യേക സമിതി**

ചോദ്യം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

മറുപടി
കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനം നടപ്പിലാക്കിവരുന്ന വൻകിട ഇടത്തരം ജലസേചന പദ്ധതികൾ അവലോകനം ചെയ്യുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അഞ്ചംഗങ്ങളുള്ള ഒരു സാങ്കേതിക സമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. |
| ബി) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ജല അതോറിറ്റിയുടെ ശാക്തീകരണത്തിനുള്ള ശിപാർശകൾ പ്രസ്തുത റിപ്പോർട്ടിലുണ്ടോ; | ബി) | ഇല്ല. |
| സി) | പ്രസ്തുത സമിതി അതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രധാന ശിപാർശകൾ; വിശദമാക്കാമോ; | സി & ഡി | ഉണ്ട്. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിൽ രൂപവൽകരിച്ച ടെക്നിക്കൽ കമ്മിറ്റി മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുര സാഗർ എന്നീ പദ്ധതികൾ സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ - <br><br> മൂവാറ്റുപുഴ പദ്ധതി 2020 മാർച്ചിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. <br><br> ഇടമലയാർ പദ്ധതിയിൽ ഉൾപ്പെട്ട ലിങ്ക് കനാലിന്റെ ശേഷിക്കുന്ന ഭാഗം (2 കി. മീറ്ററിനു ശേഷം) നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലാണ്. |
| ഡി) | പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | കാരാപ്പുഴ പദ്ധതിയിൽ ഘട്ടങ്ങളായി തിരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന് അനുസൃതമായി ചെയ്യേണ്ട പ്രവൃത്തികളുൾപ്പെടുത്തിയ ആദ്യഘട്ടം 31/05/2021ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടുന്നത്.<br><br>ബാണാസുരസാഗർ പദ്ധതി 2022 വർഷത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിച്ച് പ്രവൃത്തികൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**